Sunday
Vol. 12 No. 40
CYCLE - A
# വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2023 ആഗസ്റ്റ് 27 | ആണ്ടുവട്ടത്തിലെ ഇരുപത്തൊന്നാം ഞായർ

# ഞാൻ നിനക്ക് ആരാണ്?

ഡോ. മാർട്ടിൻ N ആന്റണി O. de M



**സൗ**ഹൃദ നിമിഷത്തിലെ ഒരു വിശ്രമവേളയിലാണ് യേശു ആ ചോദ്യം ചോദിക്കുന്നത്: "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" (v. 13). ഉപമകളിലൂടെ ജനങ്ങളോട് സംസാരിച്ചിരുന്നവന്റെ ശിഷ്യരോടുള്ള ചോദ്യമാണിത്. അവനറിയാൻ ആഗ്രഹിക്കുന്നത് തന്നെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായമാണ്. അവനെക്കുറിച്ചുള്ള ജനങ്ങളുടെ കാഴ്ചപ്പാട് വ്യത്യസ്തവും, മനോഹരവുമാണെങ്കിലും, അവയെല്ലാം പൂർണ്ണമായും ശരിയല്ല താനും. അവരെ സംബന്ധിച്ച് അവനൊരു പ്രവാചകൻ മാത്രമാണ്; ഏലിയായേയും, സ്നാപകനേയും പോലെ ദൈവത്തിന്റെ കനലും പേറി നടക്കുന്നവൻ. ദൈവത്തിന്റെ നാവും നിസ്സ്വരുടെ സ്വരവുമായി ജീവിച്ച ഏതെങ്കിലുമൊരു പ്രവാചകന്റെ പുനരവതാരം.

ജനങ്ങളുടെ അഭിപ്രായം കൊള്ളാം, നല്ലത് തന്നെ. "പക്ഷേ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?" (v. 15). ഒരു 'പക്ഷെ' യിൽ നിന്ന് തുടങ്ങുന്ന നേർചോദ്യമാണിത്. അതൊരു വിപരീത ധ്വനിയുള്ള 'പക്ഷെ' ആണ്. അതുകൊണ്ട് തന്നെ ജനങ്ങളുടെ അഭിപ്രായത്തോട് ചേർന്നു നിൽക്കുന്ന ഒരു മറുപടി യേശു പ്രതീക്ഷിക്കുന്നില്ല. കേട്ടുകേൾവിയിൽ നിന്നുള്ള ഒരു ഉത്തരം അവന് വേണ്ട. ചോദ്യം വളരെ വ്യക്തിപരമാണ്. വഞ്ചിയും വലയുമെല്ലാം ഉപേക്ഷിച്ച് അവനോടൊത്ത് സഹവസിക്കുകയും, അവന്റെ സ്വപ്നങ്ങളിൽ പങ്കുചേരുകയും ചെയ്തവരോടാണ് അവന്റെ ഈ ചോദ്യം. അതെ, അവൻ അങ്ങനെയാണ്, സ്വത്വത്തെ സ്പർശിക്കുന്ന തരത്തിലേ ചോദ്യങ്ങൾ ചോദിക്കൂ. അപ്പോൾ മാത്രമേ ജീവിതത്തെക്കുറിച്ച് ദാർശനികവും, കാവ്യാത്മകമായ ചില ഉത്തരങ്ങൾ നമ്മുടെ നാവിൽ വിരിയൂ.

ഞാനാരാണ് നിനക്ക്? വിശ്വാസത്തിന്റെ ഹൃദയസ്പന്ദനമാണീ ചോദ്യം. മറുപടിയായി താത്വികമായ അവലോകനങ്ങളോ, എണ്ണിപ്പെറുക്കിയ ചില പദങ്ങളോ ഉപയോഗിക്കാമെന്നു കരുതേണ്ട. വിളക്കിച്ചേർത്ത പാരസ്പര്യത്തിന്റെ കണ്ണികൾ ചോദ്യത്തിനകത്ത് ഉത്തരമായി കിടക്കുന്നുണ്ട് എന്നോർക്കണം. അതുകൊണ്ട് ബന്ധത്തെ തൊടുന്ന തരത്തിലുള്ള മറുപടി മാത്രമേ പറയുവാൻ സാധിക്കൂ. നിർവ്വചനങ്ങളല്ല, നിർദോഷമായ ബന്ധത്തിന്റെ കഥയാണവനു വേണ്ടത്. കടന്നുപോയ പ്രവാചകരെക്കാളും ഗുരുക്കന്മാരെക്കാളും താൻ കേമനാണെന്ന മറുപടിക്ക് വേണ്ടിയല്ല യേശു ഇങ്ങനെയൊരു ചോദ്യം ഉന്നയിക്കുന്നത്. മറിച്ച് തന്റെ പ്രിയ ശിഷ്യരുടെയുള്ളിലെ സ്നേഹത്തിന്റെ മാധുര്യം അനുഭവിക്കുന്നതിനുവേണ്ടിയാണ്. നീ ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടെങ്കിൽ അവൻ/അവൾ നിന്റെ ഉള്ളിൽ വസിക്കണം. എങ്കിൽ മാത്രമേ അവന്/അവൾക്ക് അസ്തിത്വമുള്ളൂ. അത് സ്നേഹത്തിന്റെ ജീവശാസ്ത്രമാണ്. ഉള്ളിൽ വസിക്കുന്നവരെ മാത്രമേ പൂർണ്ണമായി സ്നേഹിക്കാൻ സാധിക്കൂ. ഓർക്കുക, നമ്മുടെ ഹൃദയത്തെ നമ്മൾ സ്നേഹിക്കുന്നവരെ വളർത്തി വലുതാക്കുന്ന ഞാറ്റുകണ്ടമായും, അവരെ സംസ്കരിക്കുന്ന കല്ലറയായും മാറ്റുവാൻ കഴിയും. ഹൃദയത്തിൽ സ്ഥാനമില്ലാതെ വാക്കുകളിൽ വ്യക്തികളെ സന്നിവേശിപ്പിക്കാൻ ആർക്കും സാധിക്കും. പക്ഷേ ക്രിസ്തു ആഗ്രഹിക്കുന്നത് അങ്ങനെയുള്ളൊരു മറുപടിയല്ല.

'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്' (v. 16). ശിമയോൻ പത്രോസാണ് മറുപടി പറയുന്നത്. രണ്ടു തലങ്ങളുണ്ട് ഈ മറുപടിക്ക്. ഒന്ന്, നീ മിശിഹായാണ്; ചരിത്രത്തെ ചലിപ്പിക്കുന്ന ദൈവത്തിന്റെ മിശിഹാ. രണ്ട്, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാണ്. പുത്രൻ എന്നത് ബൈബിളിൽ ഒരു സാങ്കേതിക പദമാണ്. പിതാവ് എന്ത് ചെയ്യുന്നുവോ അത് ചെയ്യുന്നവനാണ് പുത്രൻ. പിതാവിന്റെ തനിസ്വരൂപം. പിതാവിന്റെ ജീവന്റെ വലിപ്പം കൂട്ടുന്നവൻ. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്ന് പ്രഖ്യാപിക്കുമ്പോൾ നീ ജീവനുള്ള ദൈവമാണെന്ന് വിവക്ഷിതമാകുന്നുണ്ട്. മറ്റൊരു രീതിയിൽ പറഞ്ഞാൽ നീ ജീവനാണെന്നാണ് പത്രോസ് പ്രഖ്യാപിക്കുന്നത്. സ്നേഹമുള്ള ഹൃദയത്തിൽ നിന്നേ ഇങ്ങനെയുള്ള വാക്കുകൾ പുറത്തേക്ക് ഒഴുകൂ. "ഞാൻ നിനക്കാരാണ്?" "നീ എന്റെ ജീവനാണ്." "നിനക്ക് എന്നോടുള്ള സ്നേഹം പാറ പോലെ ശക്തമാണല്ലോ. ആ സ്നേഹത്തിനു മേൽ ഞാൻ എന്റെ സഭ സ്ഥാപിക്കും."

സ്നേഹിക്കുന്നവനെ നശിപ്പിക്കാൻ ആർക്കും സാധിക്കില്ല. അതുകൊണ്ടാണ് ഗുരു ശിമയോനെ പാറ എന്ന് വിളിക്കുന്നത്. പാറ പോലെ ശക്തമായ ശിമയോന്റെ സ്നേഹത്തിൻ മേലാണ് യേശു തന്റെ സഭ സ്ഥാപിച്ചിരിക്കുന്നത്. പത്രോസ് പിന്നീട് ദൗർബല്യത്തിന്റെയും വീഴ്ചകളുടെയും വഴികളിലൂടെ നടന്നു നീങ്ങിയെന്ന് ചരിത്രം രേഖപ്പെടുത്തുമ്പോഴും ക്രിസ്തുവിനോടുള്ള അവന്റെ സ്നേഹം അചഞ്ചലം തന്നെയായിരുന്നു. അതുകൊണ്ടു തന്നെ സുവിശേഷം ഒരു സത്യം നമ്മോട് പറയുന്നുണ്ട്, ക്രിസ്തുവിനോടുള്ള സ്നേഹം ഉള്ളിലുള്ള കാലം വരെ സഭ എന്ന അവന്റെ സാന്നിധ്യം തകരുകയില്ല. നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയുമില്ല.

**ആമുഖം** പ്രിയമുള്ളവരെ, പത്രോസിന്റെ വിശ്വാസ പ്രഖ്യാപനമാണ് ഇന്നത്തെ സുവിശേഷത്തിൽ നാം ധ്യാനിക്കുക. മറ്റുള്ളവർ എന്നെക്കുറിച്ച് പറയുന്നതല്ല, എന്റെ കൂടെ നടക്കുന്ന, എന്നെ ശ്രവിക്കുന്ന നിങ്ങൾക്ക് ഞാൻ ആരാണെന്നാണ് യേശുനാഥൻ ശിഷ്യന്മാരോട് ചോദിച്ചത്. അപ്പോൾ പിതാവായ ദൈവം പത്രോസിനു വെളിപ്പെടുത്തിക്കൊടുത്തു, ഇവൻ എന്റെ പ്രിയ പുത്രനാണെന്ന്. പരിശുദ്ധാത്മാവിനാൽ പ്രചോദിതനായാണ് പത്രോസ് വിളിച്ചു പറഞ്ഞത് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണെന്ന്. ശിഷ്യന്മാരോട് ചോദിച്ച അതേ ചോദ്യം ഓരോ ദിവസവും യേശു നമ്മോടും ചോദിക്കുന്നുണ്ട്. യേശു നമുക്ക് ആരാണെന്ന് ആത്മശോധന ചെയ്യാൻ തിരുവചനം നമ്മോടിന്ന് ആവശ്യപ്പെടുകയാണ്. എന്റെ താഴ്ചയിലും ഉയർച്ചയിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും എന്നെ താങ്ങുന്ന സർവ്വവുമാണെന്റെ പൊന്നുതമ്പുരാൻ എന്ന് ഏറ്റുപറയുവാനുള്ള കൃപാവരത്തിനായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (22 : 19-23)

*(ദാവീദുഭവനത്തിന്റെ താക്കോൽ അവന്റെ തോളിൽ ഞാൻ വച്ചുകൊടുക്കും)*

അക്കാലത്ത്, സൈന്യങ്ങളുടെ ദൈവമായ കർത്താവ് കൊട്ടാര വിചാരിപ്പുകാരനായ ഷെബ്നായോട് ഇപ്രകാരം അരുളിച്ചെയ്തു: നിന്റെ പദവിയിൽനിന്നു ഞാൻ നിന്നെ നിഷ്കാസനം ചെയ്യും. നിന്റെ സ്ഥാനത്തുനിന്നു നിന്നെ ഞാൻ താഴെയിറക്കും. അന്ന് എന്റെ ദാസനും ഹിൽക്കിയായുടെ പുത്രനുമായ എലിയാക്കിമിനെ ഞാൻ വിളിക്കും. നിന്റെ അങ്കിയും അരപ്പട്ടയും അവനെ ഞാൻ ധരിപ്പിക്കും. നിന്റെ അധികാരം അവന്റെ കരങ്ങളിൽ ഞാൻ ഏൽപിക്കും. ജറുസലെം നിവാസികൾക്കും യൂദാഭവനത്തിനും അവൻ പിതാവായിരിക്കും. ദാവീദുഭവനത്തിന്റെ താക്കോൽ അവന്റെ തോളിൽ ഞാൻ വച്ചുകൊടുക്കും. അവൻ തുറന്നാൽ ആരും അടയ്ക്കുകയോ അവൻ അടച്ചാൽ ആരും തുറക്കുകയോ ഇല്ല. ഒരു കുറ്റിപോലെ ഉറപ്പുള്ള സ്ഥാനത്ത് ഞാൻ അവനെ സ്ഥാപിക്കും. അവൻ പിതൃഭവനത്തിനു മഹത്വത്തിന്റെ സിംഹാസനമായി ഭവിക്കും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

**(138 : 1-2a, 2bc-3, 6 + 8 b c)**

**കർത്താവേ, അവിടുത്തെ കാരുണ്യം അനന്തമാണ്; അങ്ങയുടെ സൃഷ്ടിയെ ഉപേക്ഷിക്കരുതേ!**

കത്താവേ, ഞാൻ പൂർണഹൃദയത്തോടെ അങ്ങേക്കു നന്ദിപറയുന്നു; ദേവൻമാരുടെ മുൻപിൽ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. ഞാൻ അങ്ങയുടെ വിശുദ്ധമന്ദിരത്തിനു നേരേ ശിരസ്സു നമിക്കുന്നു.

**കർത്താവേ, അവിടുത്തെ.......**

അങ്ങയുടെ കാരുണ്യത്തെയും വിശ്വസ്തതയെയും ഓർത്ത് അങ്ങേക്കു നന്ദിപറയുന്നു; അങ്ങയുടെ നാമവും വാഗ്ദാനവും അത്യുന്നതമാണ്. ഞാൻ വിളിച്ചപേക്ഷിച്ചനാളിൽ അവിടുന്ന് എനിക്ക് ഉത്തരമരുളി.

**കർത്താവേ, അവിടുത്തെ.......**

കർത്താവു മഹോന്നതനാണെങ്കിലും താണവരെ കടാക്ഷിക്കുന്നു; അഹങ്കാരികളെ അവിടുന്ന് അകലെ വച്ചുതന്നെ അറിയുന്നു. കർത്താവേ, അവിടുത്തെ കാരുണ്യം അനന്തമാണ്; അങ്ങയുടെ സൃഷ്ടിയെ ഉപേക്ഷിക്കരുതേ!

**കർത്താവേ, അവിടുത്തെ.......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (11 : 33-35)

*(എല്ലാം അവിടുന്നിൽനിന്ന്, അവിടുന്നുവഴി, അവിടുന്നിലേക്ക്)*

ഹാ! ദൈവത്തിന്റെ സമ്പത്തിന്റെയും ജ്ഞാനത്തിന്റെയും അറിവിന്റെയും ആഴം! അവിടുത്തെ വിധികൾ എത്ര ദുർജ്ഞേയം! അവിടുത്തെ മാർഗങ്ങൾ എത്ര ദുർഗ്രഹം! എന്തെന്നാൽ, ദൈവത്തിന്റെ മനസ്സ് അറിഞ്ഞതാര്? അവിടുത്തേക്ക് ഉപദേഷ്ടാവായതാര്? തിരിച്ചുകിട്ടാനായി അവിടുത്തേക്കു ദാനം കൊടുത്തവനാര്? എന്തെന്നാൽ, എല്ലാം അവിടുന്നിൽ നിന്ന്, അവിടുന്നുവഴി, അവിടുന്നിലേക്ക്. അവിടുത്തേക്ക് എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമേൻ.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Mt. 16 : 18) നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല - അല്ലേലൂയാ!

## സുവിശേഷം

## മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (16 : 13-20)

*(നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും)*

അക്കാലത്ത്, യേശു കേസറിയാഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ ശിഷ്യൻമാരോടു ചോദിച്ചു: മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? അവർ പറഞ്ഞു: ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകൻമാരിലൊരുവൻ എന്നും പറയുന്നു. അവൻ അവരോടു ചോദിച്ചു: എന്നാൽ, ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ശിമയോൻ പത്രോസ് പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. യേശു അവനോട് അരുളിച്ചെയ്തു: യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്. ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും. അനന്തരം അവൻ , താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്നു ശിഷ്യൻമാരോടു കല്പിച്ചു.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

തയ്യാറാക്കിയത് : **സി. ജെസീന്ത ASA**

**കാർമ്മികൻ** : പ്രിയ സഹോദരരെ, നമ്മുടെ മനസ്സുകളെ തൊട്ടറിയുന്ന സജീവ ദൈവത്തിന്റെ മുമ്പിൽ വിശ്വാസപൂർവ്വം നമ്മുടെ പ്രാർത്ഥനകളും, യാചനകളും സമർപ്പിക്കാം.

1. പത്രോസാകുന്ന പാറമേൽ തിരുസഭയ്ക്ക് അടിസ്ഥാനമൊരുക്കിയ സ്നേഹ താതാ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാപാലകരെയും അങ്ങെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. അനുദിനം വിശുദ്ധിയിൽ വളരുവാനും, തിരുമനസ്സറിഞ്ഞ് ദൈവജനത്തെ നയിക്കുവാനും വേണ്ട കൃപാവരങ്ങൾ നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സകല നന്മകളുടെയും ദാതാവായ ദൈവമേ, അങ്ങ് നൽകുന്ന അനവധിയായ അനുഗ്രഹങ്ങളെ മറന്ന് അഹങ്കാരത്തിൽ കഴിയുന്ന ഞങ്ങളോട് ക്ഷമിക്കണമെ. അനുദിനം ഞങ്ങളെ വഴി നടത്തുന്നത് അങ്ങെ കൃപ ഒന്നു മാത്രമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. എണ്ണിയാലൊടുങ്ങാത്ത ദാനങ്ങൾക്ക് കൃതജ്ഞതയർപ്പിച്ചുകൊണ്ട് അങ്ങെ തിരുവിഷ്ടം നിറവേറ്റാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സ്നേഹ പിതാവേ, എല്ലാ കുടുംബങ്ങളെയും സമർപ്പിക്കുന്നു. പരസ്പര സ്നേഹത്തിലും ഐക്യത്തിലും വർത്തിച്ചുകൊണ്ട് സന്തോഷത്തിലും സമാധാനത്തിലും ജീവിക്കുവാൻ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കണമെന്നും, ജോലിക്കും പഠനാവശ്യത്തിനുമായി വിദേശത്തായിരിക്കുന്ന എല്ലാ മക്കളെയും എല്ലാവിധ അപകടങ്ങളിൽ നിന്നും കാത്തുകൊള്ളണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ജീവനും മാർഗ്ഗവുമായ നാഥാ, വിവാഹത്തിന് തടസ്സം നേരിടുന്ന എല്ലാ യുവജനങ്ങളെയും, കുഞ്ഞുങ്ങളില്ലാതെ വിഷമിക്കുന്ന ദമ്പതിമാരെയും, സ്വന്തമായി ഒരു ഭവനമില്ലാതെ വേദനിക്കുന്നവരെയും അങ്ങ് കാരുണ്യപൂർവ്വം കടാക്ഷിക്കണമെ. ഇവരുടെ ആഗ്രഹങ്ങൾക്ക് വിഘ്നങ്ങളായി നിൽക്കുന്നതിനെയെല്ലാം നീക്കി, ഒരു പുതു ചൈതന്യം ഇവരിൽ നിറയ്ക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവദാതാവായ ദൈവമേ, ശാരീരികവും മാനസികവുമായ അസുഖങ്ങളാൽ കഷ്ടത അനുഭവിക്കുന്ന ഞങ്ങളുടെ സഹോദരങ്ങൾക്ക് ആശ്വാസവും സൗഖ്യവുമേകുവാനും, മരണം മൂലം ഞങ്ങളിൽ നിന്നും വേർപിർഞ്ഞ് അങ്ങെ സന്നിധിയിലായിരിക്കുന്നവരുടെ കുറ്റങ്ങളും കുറവുകളും പൊറുത്ത്, സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് അവരെ സ്വീകരിക്കുവാനും കനിവുണ്ടാകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : പിതാവേ, അങ്ങാകുന്ന സജീവ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് വിശ്വാസജീവിതത്തിൽ ശക്തി പ്രാപിക്കുവാൻ ഞങ്ങളെ നീ അനുഗ്രഹിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

ഇന്നീ തിരുബലി വേദിയിൽ
സോദര സ്നേഹത്തിൻ ബലിയണക്കാൻ
അണയൂ സ്നേഹമോടൊന്നായ്
ഒരുമയിലൊരു മനമായ്
ഉണരൂ തിരികൾ തെളിക്കൂ
നാഥനെ വരവേൽക്കാൻ (ഇന്നീ തിരുബലി....)

ഈ സമാഗമ കൂടാരം
അനുരഞ്ജനത്തിൻ കേദാരം (2)
ദൈവത്തിൻ സ്നേഹിതരാകാൻ
ദ്യോവിൻ അനുഭവമേകും
സ്നേഹത്തിൻ തിരു ബലിദാനം
ഇതു ദൈവം നൽകും സമ്മാനം
(ഇന്നീ തിരുബലി....)

## കാഴ്ചവയ്പ് ഗാനം

അൾത്താരയിൽ ഉയർത്തുന്നിതാ
എൻ ജീവിതം കാഴ്ചയേകാൻ
ആ സ്നേഹസാന്ത്വനം പകരേണമേ
സ്വീകരിക്കേണമേ ഈ കാഴ്ചകൾ (അൾത്താര.....)

ആത്മാർപ്പണം ചെയ്യുന്നിതാ
ഈ സ്നേഹകൂദാശയിൽ
സ്നേഹപൂർവ്വം നൽകുന്നിതാ
ഈ യാഗവേദിയിതിൽ

എൻ വിളി കേൾക്കാൻ നീ മാത്രം നാഥാ
എൻ നൊമ്പരം കാണാൻ നീയില്ലേ ദേവാ (2)
എൻ മുറിവിൽ മൃദുവായ് തലോടാൻ
ആ തിരുക്കരങ്ങൾ മാത്രം (2) (അൾത്താര.....)

## ദിവ്യകാരുണ്യ ഗാനം

എൻ നാവിൽ അലിയുന്ന തിരുവോസ്തിയിൽ
ഈശോ വാഴുന്നു അറിയുന്നു ഞാൻ
അകതാരിൽ നിറയുന്ന ആനന്ദമേ
നന്ദി മാത്രം ഇന്നെൻ അധരങ്ങളിൽ
(എൻ നാവിൽ......)

മന്നയായ് മന്നിൻ ദീപമായ്
സ്നേഹമായ് ഹൃത്തിൽ വാഴണേ
ദൈവമേ എന്റെ ദൈവമേ
സർവ്വലോകത്തിൻ രാജനേ

മരുഭൂമിയിൽ മന്നയായ് തീർന്നവൻ
കാൽവരി കുരിശിൽ യാഗമായി (2)
എന്നുമെൻ നാവിൽ ഉൾക്കൊള്ളുമപ്പമായ് (2)
ഈശോ സ്വയം ശൂന്യനായ് (2) (മന്നയായ്.....)

കാൽവരിയിൽ സ്നേഹം പകുത്തു നീ
ത്യാഗമായ് യാഗമായ് കുർബ്ബാനയായ് (2)
ആ ദിവ്യസ്നേഹം ഉൾക്കൊള്ളുമീനേരം (2)
നിന്നോട് ചേരുന്നു ഞാൻ (2) (എൻ നാവിൽ......)

| Aug./ Sep. | വിശുദ്ധർ | വായനകൾ |
|---|---|---|
| 28 Mon | St. Augustine | 1 Th 1: 1-5. 8b-10/ Ps 149: 1-2. 3-4. 5-6a and 9b/ Mt 23: 13-22 |
| 29 Tue | St. Sabina | Jer 1: 17-19/ Ps 71: 1-2. 3-4a. 5-6ab. 15ab. 17/ Mk 6: 17-29 |
| 30 Wed | St. Euphrasia | 1 Th 2: 9-13/ Ps 139: 7-8. 9-10. 11-12ab/ Mt 23: 27-32 |
| 31 Thu | St. Raymond Nonnatus | 1 Th 3: 7-13/ Ps 90: 3-4. 12-13. 14 and 17/ Mt 24: 42-51 |
| 01 Fri | St. Giles, Abbot | 1 Th 4: 1-8/ Ps 97: 1 and 2b. 5-6. 10. 11-12/ Mt 25: 1-13 |
| 02 Sat | St. Ingrid of Sweden | 1 Th 4: 9-11/ Ps 98: 1. 7-8. 9/ Mt 25: 14-30 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.